**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4532** **17.12.2014** ലെ മറുപടിക്ക്

**ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ - കുണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 2012-13 വർഷത്തെ സ്വയം പര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്തിൽപ്പെട്ട കുണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | 28 വീടുകൾക്ക് പ്ലാസ്റ്ററിംഗ് , പാർശ്വഭിത്തി നിർമ്മാണം 78 മീറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ, സംരക്ഷണ ഭിത്തി നിർമ്മാണം 231 മീറ്റർ എന്നിവ പൂർത്തിയായിട്ടുണ്ട്. |
| (ബി) | രണ്ട് വർഷമായിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കുമോ; | (ബി) | എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തികളിൽ മാറ്റം വരുത്തിയിട്ടുള്ളതിനാൽ മോണിറ്ററിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. |
| (സി) | നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് - ട്രാവൻകൂർ ലിമിറ്റഡ് -ന് ഇതുവരെ എത്ര രൂപയാണ് അനുവദിച്ച നൽകിയിട്ടുള്ളത്; | (സി) | 65 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട് |
| (ഡി) | ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ഡി) | 28 വീടുകളുടെ പ്ലാസ്റ്ററിംഗ്, പാർശ്വഭിത്തി നിർമ്മാണം 78 മീറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ, സംരക്ഷണ ഭിത്തി നിർമ്മാണം 231 മീറ്റർ എന്നിവ പൂർത്തിയായിട്ടുണ്ട്. |
| (ഇ) | പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2015 ജനുവരി 31-നകം പണി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ